# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2041.** **05.10.2016 ന് മറുപടിയ്ക്ക്**

## കഞ്ചാവ് കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഞ്ചാവ് കേസുകളിൽ എക്സൈസ് വകുപ്പ് എത്ര പേരെ പിടികൂടിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25.05.2016 മുതൽ 25.09.2016 വരെയുള്ള കാലയളവിൽ കഞ്ചാവ് അടക്കമുള്ള ലഹരി മരുന്നുകളുടെ കടത്ത്, വിപണനം, ഉപഭോഗം മുതലായവയുമായി ബന്ധപ്പെട്ട് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത 1068 കേസുകളിലായി 1177 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ മദ്യനിരോധനം മൂലമാണോ കൂടുതൽ കഞ്ചാവ് കേസുകൾ സംസ്ഥാനത്ത് ഉണ്ടാകുന്നത്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് കഞ്ചാവ്, മയക്ക്മരുന്ന് എന്നിവയുടെ വിപണനവും ഉപയോഗവും വർദ്ധിച്ചു വരുന്നത് ഒരു യാഥാർത്ഥ്യമാ ണ്. സംസ്ഥാനത്ത് നിലവിലുള്ള മദ്യനയം നടപ്പിലാക്കിയ ശേഷം എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന എൻ.ഡി.പി.എസ് കേസുകളുടെ എണ്ണത്തിൽ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ, പുതിയ അബ്കാരി നയം നടപ്പിലാക്കിയ ശേഷം 2015 വർഷത്തിൽ 1430 എൻ.ഡി.പി.എസ്. കേസുകളും, 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ്. കേസുകളും എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടു ണ്ട് |
| (സി) | മദ്യത്തിന്റെ ലഭ്യത മുമ്പത്തെക്കാളും കുറഞ്ഞതുമൂലം കഞ്ചാവടക്കമുള്ള മയക്കുമരുന്നിന് അടിമകളാകുന്ന വരുടെ എണ്ണം കൂടുന്നതിന് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനാകുമെന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കൂടാതെ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, |

| | | | |
|---|---|---|---|
| | | | അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>മദ്യം, മയക്ക് മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം.&റ്റി.പി./ കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നു.<br><br>മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ഇത്തരം ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും വിമുക്തമാക്കുന്നതിന് ഒരു ബോധവത്കരണമിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്കരണ പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കഞ്ചാവ് വില്ക്കുന്നവർക്കെതിരെയുള്ള ശിക്ഷ കൂട്ടുവാൻ നടപടി സ്വീകരിയ്ക്കുമോ? | (ഡി) | കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ വിപണനം ചെയ്യുന്നവർക്കെതിരായി കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. നിലവിലെ എൻ.ഡി.പി.എസ്. നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ 6 മാസം വരെ കഠിനതടവോ, പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ